# സെന്റ് സേവ്യേഴ്സ് വി.എച്ച്.എസ്.എസ് കുറുപ്പന്തറ

# അക്കാദമിക മാസ്റ്റർ പ്ലാൻ

ST. XAVIER'S V.H.S.S. KURUPPANTHARA

LIGHTED FOR LIFE

# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | | : സെന്റ് സേവ്യേഴ്സ് വി.എച്ച്.എസ്.എസ് കുറുപ്പന്തറ |
| | വിലാസം | : മാഞ്ഞൂർ പി ഒ , കുറുപ്പന്തറ കോട്ടയം –686613 |
| | ഫോൺ | : 9497089392 |
| 2. സ്കൂൾ കോഡ് | | : 45029 |
| 3.വിദ്യാഭ്യാസ ഉപജില്ല | | :കുറവിലങ്ങാട് |
| 4. വിദ്യാഭ്യാസ ജില്ല | | :കടുത്തുരുത്തി |
| 5. റവന്യൂ ജില്ല | | :കോട്ടയം |
| 6. ബി ആർ സി | | :കുറവിലങ്ങാട് |
| 7. സി ആർ സി | | :മാഞ്ഞൂർ |
| 8. ഗ്രാമപഞ്ചായത്ത് | | :മാഞ്ഞൂർ |
| 9. ബ്ലോക്ക് പഞ്ചായത്ത് | | :കടുത്തുരുത്തി |
| 10. ജില്ലാപഞ്ചായത്ത് | | :കോട്ടയം |
| 11. നിയമസഭാമണ്ഡലം | | :കടുത്തുരുത്തി |
| 12 .ലോകസഭാമണ്ഡലം | | :കോട്ടയം |
| 13. താലൂക്ക് | | :വൈക്കം |
| 14. വില്ലേജ് | | :മാഞ്ഞൂർ |
| 15. ഇ മെയിൽ | | : stxaviersvhs@yahoo.in |
| 16. വെബ്സൈറ്റ് | | : |

## ഉള്ളടക്കം

1. ആമുഖം

2.ലക്ഷ്യങ്ങൾ

3.വിദ്യാലയത്തിന്റെ ലഘുചരിത്രം

4.വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

5.പദ്ധതി രൂപീകരണ പ്രക്രിയ-വിവിധ ഘട്ടങ്ങൾ

6.നിലവിലെ അവസ്ഥ വിശകലനം

7.മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ-ഒറ്റനോട്ടത്തിൽ

8.പദ്ധതി വിശദാംശങ്ങൾ

(മേഖല, ഉപമേഖല,ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തികവിശകലനം)

9.പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിട്ടറിംഗ്

11. ഉപസംഹാരം

# ആമുഖം

## ലക്ഷ്യങ്ങൾ

1) മതനിരപേക്ഷ ജനാധിപത്യ ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2) അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3) 5 മുതൽ 10 വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തലകലണ്ടറും രൂപപ്പെടുത്തൽ

4) അദ്ധ്യാപനവും ,അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധപ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

## വിദ്യാലയത്തിന്റെ ചരിത്രം

വളർച്ചയുടെ സുവർണപാതയിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്ന സെന്റ് സേവ്യേഴ്സ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എക്കാലവും രചിച്ചു പോന്നിട്ടുള്ളത് മികവുകളുടെ നിറക്കൂട്ടുകളാണ്. ആയിരക്കണക്കിനു വിദ്യാർത്ഥികൾ വൈജ്ഞാനികപ്പകർച്ചനേടി ഇവിടെനിന്നു കടന്നുപോയിരിക്കുന്നു. അവരിന്നു ജീവിതത്തിന്റെ നാനാതുറകളിൽ കർമോത്സുകരാണ്. ചരിത്രത്തിന്റെ ഏടുകളിൽ ഇടംപിടിച്ചവരും വ്യക്തിമുദ്ര പതിപ്പിച്ചു മൺമറഞ്ഞവരുമേറെ. 1871 ൽ കുറുപ്പന്തറ മണ്ണാറപ്പാറപ്പള്ളിക്കു സമീപം ഒരു കളരി സ്ഥാപിതമാകുമ്പോൾ ഒരുപക്ഷേ ദീർഘദർശികളായിരുന്ന പൂർവ്വികർ ഇന്നീ രൂപഭാവങ്ങളാർജിച്ച വിദ്യാലയത്തെ

നോക്കിപ്പാർത്തിരിക്കണം. അക്ഷയമായ അക്ഷരങ്ങളുടെ നിലാവെളിച്ചത്തിലൂടെ അന്നാരംഭിച്ച തദ്ദേശീയരുടെ യാത്ര തലറകളിലൂടെ നിറസാഫല്യം തേടി ഇന്നും തുടരുകയാണ് പ്രാചീനകാലം മുതൽക്കേ കച്ചവടത്തിനും കൃഷിക്കും പ്രകീർത്തിതമായ കുറുപ്പന്തറയുടെ മണ്ണ്, വിജ്ഞാന വികസനത്തിനും വളക്കൂറുള്ളതാണെന്ന തെളിയിക്കുകയായിരുന്നു.

ശാസ്ത്രീയക്രമീകരണങ്ങളോടെ ഔദ്യോഗിക പഠനം ആരംഭിച്ചു. 1909 ലാണ് സ്കൂളിന് അംഗീകാരവും ഗ്രാന്റും ലഭിച്ചുതുടങ്ങിയത് 45 വർഷങ്ങൾക്ക ശേഷം പ്രൈമറിതലത്തിൽനിന്ന് അപ്പർ പ്രൈമറിതലത്തിലേക്ക ഉയർന്നു. തുടർപഠനത്തിനായി കിലോമീറ്ററുകൾ കാൽനടയായി സഞ്ചരിച്ചിരുന്ന തദ്ദേശീയവാസികൾക്ക് അനുഗ്രഹമായി ഈ വളർച്ച ഏറെപ്പേർ അറിവുതേടി ക്ലാസുമുറികളിലേയ്ക്ക കടന്നുവരുവാനും പ്രചോദനമേകി ഈ മാറ്റം. 1963 ലാണ് യുപി വിഭാഗം പള്ളിയിൽനിന്ന് ഏകദേശം ഒരു കിലോമീറ്റർ അകലെയുള്ള കുന്നിൻ പ്രദേശത്തു പണിത പുതിയ കെട്ടിടത്തിലേയ്ക്ക മാറ്റിയത് .അന്നുമുതൽ ഈ വിദ്യാലയം "കുന്നേസ്കൂൾ' എന്നറിയപ്പെട്ടുതുടങ്ങി.1968 ലാണ് ഹൈസ്കൂളായി സെൻറ്. സേവ്യേഴ്സ് ഉയർന്നത്. 2000 ഡിസംബർ 18 ന് സ്കൂൾ വൊക്കേഷണൽ ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ടു കംപ്യൂട്ടർ ആപ്ലിക്കേഷൻ, മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ എന്നീ വിഷയങ്ങളിലായി കോഴ്സുകൾ അനുവദിക്കുകയും ചെയ്തു. കോട്ടയം ജില്ലയിലെ ഏറ്റവും മികച്ച വി.എച്ച്.എസ്.സി. യായി സെന്റ് സേവ്യേഴ്സ് സ്കൂളിന്നു വ്യാപരിക്കുന്നു

ഉയർന്ന അക്കാദമിക് നിലവാരമാണ് ഈ സ്കൂളെന്നും പുലർത്തിപ്പോന്നിട്ടുള്ളത്. 2008-09 ലും 2013-14 മുതൽ തുടർച്ചയായ വർഷങ്ങളിലും 100% വിജയം കൈവരിച്ച് ചരിത്രത്താളുകളിൽ മുദ്രിതമായിരിക്കുന്നു: വി.എച്ച്.എസ്.സിയും കരഗതമാതമാക്കിയ വിജയനേട്ടങ്ങൾ ഭിന്നമല്ല. 2009-10, 2013-

14 വർഷങ്ങളിൽ VHSS 100% വിജയം സ്വന്തമാക്കി.

ഒരു സ്പോർട്സ് സ്കൂളിനു സമാനമായ നേട്ടങ്ങളും എക്കാലവും ഈ വിദ്യാലയം സ്വായത്തമാക്കിയിട്ടുണ്ട്. കായികപ്രതിഭകളെ വാർത്തെടുക്കുന്നതിൽ സെന്റ് സേവ്യേഴ്സ് പ്രകടമാക്കിയിട്ടുള്ള താല്പര്യം പ്രകീർത്തിതമാണ്. ജില്ലാ-സംസ്ഥാനതല കായികമേളകളിൽ പൂർവവിദ്യാർത്ഥികൾ നടത്തിയ മുന്നേറ്റം ചരിത്രമാണ്.

സർവ്വതോന്മുഖമായ വിദ്യാഭ്യാസത്തിനു സാധ്യമായ വിജ്ഞാനായുധങ്ങൾ ഏറ്റുവാങ്ങിയാണ് ഓരോ വിദ്യാർത്ഥിയും വിദ്യാലയത്തിരുമുറ്റം കടന്നു പോയിട്ടുള്ളത്. ക്ലബ്ബുകളുടെ പ്രവർത്തനം, പഠനയാത്രകൾ, സെമിനാറുകൾ, സംഘാത്മക പ്രവർത്തനങ്ങൾ, കലാപരമായ പ്രവർത്തനങ്ങൾ തുടങ്ങി തലമുറകളെ സജീവോന്മുഖരാക്കുന്ന കർമവിന്യാസങ്ങളാണ് കുറുപ്പന്തറ, സെന്റ് സേവ്യേഴ്സ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനെ എക്കാലവും പ്രശോഭമാക്കിയിട്ടുള്ളത്.

പിന്നിട്ട കാലങ്ങളോടു നീതി പുലർത്തിയും കാലാനുസൃതമായ മാറ്റങ്ങൾക്കു വിധേയമായും കുറുപ്പന്തറ സെൻ്റ് സേവ്യേഴ്സ് സ്കൂൾ മുന്നേറുകയാണ്. ഇന്ന് യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി 500 ൽ പരം കുട്ടികളും 29 അധ്യാപകരും 5 അനധ്യാപകരും ഈ വിദ്യാലയത്തിൽ കർമനിരതമാണ്.

എസ്.എസ്.എൽ.സി, വി എച്ച്.എസ്.സി പരീക്ഷകളിൽ നൂറുശതമാനം വിജയം ഈ സ്കൂളിനു പുത്തരിയല്ല. കാര്യക്ഷമമായ അച്ചടക്കം, ചിട്ടയായ പരിശീലനം എന്നിവ കുട്ടികളെ പഠനത്തിൽ സജീവമാക്കുന്ന സാഹചര്യങ്ങളാണ്. സ്പെഷ്യൽ ക്ലാസ്സുകൾ, രാവിലെയും വൈകുന്നേരവും ക്രമീകരിച്ചിരിക്കുന്നു.
പ്രത്യേക ക്ലാസ്സുകൾ, റിസോഴ്സ് പേഴ്സൺ വഴിയുള്ള പരിശീലനങ്ങൾ, പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്കുവേണ്ടിയുള്ള പരിശീലന പരിപാടികൾ, മറ്റു

പഠനസഹായങ്ങൾ എന്നിങ്ങനെ മെച്ചപ്പെട്ട പരീക്ഷാവിജയം സാധ്യമാക്കുന്ന പരിപാടികൾ ആവിഷ് കരിച്ചു പോരുന്നു. പാഠ്യകാര്യങ്ങളിൽ മാത്രമല്ല, പാഠ്യേതരകാര്യങ്ങളിലും മികവു നിലനിർത്തുന്നുണ്ട്, ഈ സ്കൂൾ, സ്കൂൾ കലോത്സവം ഉപജില്ലാ-ജില്ലാതലങ്ങളിൽ മിന്നുന്ന പ്രകടനം ഈ സ്കൂളിലെ കുട്ടികൾ കാഴ്ചവയ്ക്കുന്നു. വിദ്യാരംഗം കലാസാഹിത്യവേദി, സയൻസ് ക്ലബ്ബുകൾ, പരിസ്ഥിതി ക്ലബുകൾ, ഭാഷാക്ലബുകൾ, വാർത്താക്ലബ്, ഗണിതക്ലബ്, ഓറട്ടറി ക്ലബ് എന്നിവ ഇവിടെ സജീവമാണ്. റെഡ്ക്രോസ്, ലിറ്റിൽ കൈറ്റ് പ്രവർത്തനങ്ങൾ സ്തുത്യർഹമാംവിധം നടന്നുവരുന്നു. സ്കൂളിലെ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റ് ക്ലാസ്സ് മുറിക്കപ്പുറമുള്ള ഒരു ലോകം കുട്ടികൾക്കു കാണിച്ചുകൊടുക്കുന്നു. നവസാങ്കേതികവികാസ പരിണാമവിശേഷങ്ങളിലൂടെ ഐ.ടി.ക്ലബ് കുട്ടികളെ വഴി നടത്തുന്നു.

സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ഒട്ടൊക്കെ നിറവേറ്റിയിട്ടുണ്ട്. എങ്കിലും പരിഷ്കാരം ഈ രംഗത്ത് ഇനിയും സംഭവിക്കേണ്ടതുണ്ട്. ഉച്ചഭക്ഷണപദ്ധതി കാര്യക്ഷമമാംവിധം നിർവഹിച്ചുപോരുന്നു.

ഹയർസെക്കണ്ടറി തലത്തിൽ വിശാലമായ കെമിസ്ട്രി – ഫിസിക്സ് – എം.എൽ.റ്റി., ബയോളജി ലാബുകളും ഹൈസ്കൂൾ തലത്തിൽ ഒരു സയൻസ് ലാബും ഉണ്ട്. കൂടാതെ രണ്ടു കംപ്യൂട്ടർ ലാബുകളും ഇവിടെ സജ്ജമാണ്.

**ഹയർ സെക്കന്ററി (NSQF) കോഴ്സുകൾ**

ഗ്രൂപ്പ് – I ഗ്രൂപ്പ് – II എന്നീ വിഭാഗങ്ങളിലായി രണ്ട് NSQF കോഴ്സുകളാണ് നിലവിൽ ഉള്ളത്. ജൂനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ (JSD), ലാബ് ടെക്നീഷ്യൻ റിസർച്ച് ആൻഡ് ക്വാളിറ്റി കൺട്രോൾ (LTR) എന്നിവയാണ് അവ.

NSQF വിഷയങ്ങളോടൊപ്പം ഇംഗ്ലീഷ്, ED (Entrepreneurship Development), ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് (JSD യോടൊപ്പം മാത്രം), ബയോളജി (LTR

നോടൊപ്പം മാത്രം)എന്നിവയും കോഴ്സിന്റെ ഭാഗമാണ്. ഓരോ ആഴ്ചയും ഏഴ് മണിക്കൂർ വീതമുള്ള 5 പ്രവൃത്തിദിനങ്ങൾ ഉണ്ട്.

### വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്:-

1) 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്' എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2) പാഠ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3) ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

4) പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

5) ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

6) പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര

വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ

പദ്ധതി രൂപീകരണ പ്രക്രിയ -വിവിധഘട്ടങ്ങൾ

1)എസ് ആർ ജിയോഗത്തിൽ സെന്റ് സേവ്യേഴ്സ്"***സ്കൂൾ –വിഷൻ 2030*** "

2) വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം -അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3) കരട് രൂപരേഖ SRG, SMC, PTA, MPTA, OSA, SDC രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

4) ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5) പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

## <u>നിലവിലെ അവസ്ഥാവിശകലനം</u>

### എ) ഭൗതികം- നേട്ടങ്ങൾ

ക്ലാസ്സുമുറികൾ ,ലാബ് ,കമ്പ്യൂർലാബ് ,ഓഫീസ്, ലൈബ്രറി തുടങ്ങിയവയ്ക്ക് ആവശ്യമായ കെട്ടിടസൗകര്യം ഉണ്ട്. ചെറിയ ഗ്രൗണ്ട് കുട്ടികൾക്കായി കായികപ്രവർത്തനങ്ങൾക്ക് ഉണ്ട്. ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനാവശ്യാമായ സൗകര്യങ്ങളും ഏർപ്പെടുത്തി. കുടിവെള്ളവും ടോയ്ലറ്റ് സൗകര്യങ്ങളും സ്കൂളിലുണ്ട്. ഹൈടെക്ക് സംവിധാനം ക്രമീകരിക്കുന്നതിനുള്ള പശ്ചാത്തല വികസന പ്രവർത്തനങ്ങൾ (ടൈലിംഗ്, ഇലക്ട്രിഫിക്കേഷൻ, റൂഫിംഗ്) എന്നിവ പൂർത്തീകരിച്ചു. മിതമായ സൗകര്യങ്ങളോടെ ജൈവവൈവിധ്യപാർക്ക് ആരംഭിച്ചു.

### ബി) ഭൗതികം- പരിമിതികൾ

ചുറ്റുമതിൽ അപൂർണ്ണമാണ്.

## സി) അക്കാദമികം – നേട്ടങ്ങൾ

2011 മുതൽ തുടർച്ചയായി SSLC യ്ക്ക് 100% വിജയവും പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സംസ്ഥാന തലം വരെയുള്ള പുരസ്കാരങ്ങളും കരസ്ഥമാക്കിയിട്ടുണ്ട്. Thread pattern, Waste material products എന്നിവയിൽ സംസ്ഥാനതലത്തിൽ സമ്മാനം നേടിയിട്ടുണ്ട്. സയൻസ് വർക്കിംഗ് മോഡൽ, സോഷ്യൽ സയൻസ് സ്റ്റിൽ മോഡൽ ,ഐ റ്റി മലയാളം ടൈപ്പിംഗ് എന്നിവയിൽ ജില്ലാതലത്തിൽ ഗ്രേഡുകൾ കരസ്ഥമാക്കി.

## ഡി) അക്കാദമികം-പരിമിതികൾ

Specialist teachers ഇല്ല. കലാകായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണമായ സേവനം ലഭ്യമല്ല. ലാബുകൾ ആധുനികവൽക്കരിക്കണം.

**മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ –ഒറ്റനോട്ടത്തിൽ**

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ◆ ഭാഷാശേഷി വികസനം<br>◆ ഗണിതശേഷി വികസനം<br>◆ ഇംഗ്ലീഷ് പഠനപരിപോഷണം<br>◆ ശാസ്ത്രപോഷണപരിപാടി<br>◆ വായനാപരിപോഷണം<br>◆ ലൈബ്രറി ശാക്തീകരണം<br>◆ ലബോറട്ടറി ആധുനികവത്ക്കരിക്കൽ<br>◆ പ്രതിഭാപോഷണ പരിപാടി<br>◆ നാടകക്കളരി<br>◆ ജൈവവൈവിധ്യപാർക്ക്<br>◆ സാഹിത്യപോഷണപരിപാടികൾ<br>◆ പഠനയാത്രകൾ<br>◆ സെമിനാറുകൾ | ◆ ചുറ്റുമതിൽ പൂർത്തിയാക്കൽ<br>◆ മാലിന്യ സംസ്കരണം<br>◆ കൂടുതൽ ടോയ്‌ലറ്റുകൾ<br>◆ ജന്മദിനത്തിനൊരു പുസ്തകം<br>◆ പ്ലാസ്റ്റിക് വിമുക്ത ഹരിത വിദ്യാലയം | • പി റ്റി എ ശക്തിപ്പെടുത്തൽ<br>• വിദ്യാലയവികസന സമിത്<br>• പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ |

| | | |
|---|---|---|
| ◆ കലാ-കായികമേള<br>◆ ഐ ടി പരിശീലനം<br>◆ ക്ലാസ്സ് പി ടി എ സജീവമാക്കൽ<br>◆ സ്കൂൾ പത്രം, മാസിക<br>◆ പ്രവൃത്തിപരിചയ പഠനം<br>◆ ശാസ്ത്രാഭിരുചി വളർത്തൽ<br>◆ പച്ചക്കറിത്തോട്ടം<br>◆ രചനാശില്പശാലാ<br>◆ അഭിമുഖങ്ങൾ<br>◆ മെഡിക്കൽ ക്യാമ്പ്<br>◆ പോഷകാഹാര പരിപാടി<br>◆ ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ<br>◆ ഭാഷാലാബ്<br>◆ ബ്ലോഗ്<br>◆ ടേം മൂല്യനിർണയം, നിരന്തരമൂല്യനിർണയം<br>◆ ദിനാചരണം<br>◆ കായിക പഠനം<br>◆ ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ<br>◆ വ്യത്യസ്ത ഭാഷയിലുള്ള അസംബ്ലി<br>◆ നേതൃത്വഗുണം, ജനാധിപത്യമര്യാദകൾ മൂല്യബോധം എന്നിവ പരിപോഷിപ്പിക്കുക<br>◆ Talent Lab<br>◆ വിദ്യാലയം ഒരു പാഠപുസ്തകം | ◆ ചുവർ ചിത്ര രചന<br>◆ എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>◆ ഭാഷോത്സവം<br>◆ ഗണിതോത്സവം<br>◆ ഗണിതലാബ് | പ്രവർത്തകർ , പൂർവ്വാധ്യാപകർ ,സഹകരണ സ്ഥാപനങ്ങൾ ,വ്യവസായഗ്രൂപ്പുകൾ തുടങ്ങിയവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• വിദ്യാലയമികവ് പൊതുസമൂഹവുമായി പങ്കിടൽ<br>• പ്രാദേശിക പിറ്റിഎ<br>• ഭവന സന്ദർശനം<br>• കാരുണ്യസ്പർശം പരിപാടി<br>• Motivation ക്ലാസ്സുകൾ<br>• കൗൺസിലിംഗ് |

| | | |
|---|---|---|
| എന്ന കാഴ്ചപ്പാട്<br>◆ മുഴുവൻ കുട്ടികളും സ്കൂളിലേയ്ക്ക് | | |

## പദ്ധതി വിശദാംശങ്ങൾ

# Academic Plan - Malayalam

| Sl. No | Programme | Activity | Duration | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കവസ്ഥ പരിഹരിക്കൽ (മലയാളത്തിള ക്കം) | 1.Pre-test (2-6-24) | 2 months | പുസ്തകങ്ങൾ | BRC |
| | | 2.അക്ഷരം ഉറപ്പിക്കൽ | Aug-Sept | | DIET |
| | | 3.അടയാളം ഉറപ്പിക്കൽ | | | SCERT |
| | | 4.അക്ഷരക്കാർഡ് നൽകൽ | | C.D | P.T.A |
| | | 5.വാക്കുകൾ എഴുതിയ കാർഡ് | | | |
| | | 6.വാക്കുകൾ നിർമ്മിക്കുക | | | |
| | | 7.വാക്യങ്ങൾ നിർമ്മിക്കുക | | | |
| | | 8.ചിത്രം-അടിക്കുറിപ്പ് | | | |
| | | 9.ചിത്രം-കഥപറയൽ | | | |
| | | 10.ചിത്രം-കഥയെഴുതൽ | | | |
| | | 11.കഥ-ബാക്കി എഴുതൽ | | | BRC |
| | | 12.കഥാപുസ്തകം നൽകൽ | | | IED |

| | | | | | |
|---|---|---|---|---|---|
| | | 13.C.D-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതുക | | | Trainer |
| | | 14.ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | | | P.T.A |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1.ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ | 6 months | ക്ലാസ്സ് ലൈബ്രറി | BRC |
| | | 2.സ്കൂൾ ലൈബ്രറി നവീകരിക്കൽ | | സ്കൂൾ ലൈബ്രറി | SCERT |
| | | 3.സമീപ ഗ്രന്ഥശാല അംഗത്വം | | ഗ്രന്ഥശാല | SCERT |
| | | 4.വായനോത്സവം സംഘടിപ്പിക്കൽ | | പത്രങ്ങൾ | P.T.A |
| | | 5.പത്രവായന | | | |
| | | 6.പുസ്തകചർച്ച | | | |
| | | 7.വായനാനുഭവം പങ്കുവയ്ക്കൽ | | | |
| | | 8.വായനാക്കുറിപ്പ് പതിപ്പ് | | വായനാമുറി | |
| | | 9.ദിനാചരണങ്ങൾ | | | |
| | | 10.ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | | | BRC |
| | | 11.വായനാസാമഗ്രികൾ വികസിപ്പിക്കൽ | | | |
| | | 12.ഇ-വായന | | ഇന്റർനെറ്റ് | |

| | | | | | |
|---|---|---|---|---|---|
| | | | | കമ്പ്യൂട്ടർ | |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുക്കൂട്ടം) | 1.എഴുത്തുക്കൂട്ട രൂപീകരണം | 6 months | | |
| | | 2.പുസ്തകചർച്ച | | | |
| | | 3.വായനക്കുറിപ്പ് പതിപ്പ് | | | BRC |
| | | 4.വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ | | | |
| | | 5.ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ | | | SCERT<br>P.T.A |
| | | 6.സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | | പുസ്തകങ്ങൾ | |
| | | 7.എഴുത്തുക്കൂട്ടം മോണിറ്ററിംഗ് | | | |
| | | 8.വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് | | | |
| | | 9.ബാലസഭ | | | |
| | | 10.പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് | | | |
| | | 11.വ്യക്തിഗത രചന, സംഘ രചന | | | |
| | | 12.ഭാഷാ പ്രോജക്ട് | | | |
| | | 13.സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം | | | |
| | | 14.രചയിതാക്കളെ പരിചയപ്പെടൽ | | ജീവചരിത്ര പുസ്തകങ്ങൾ | BRC |

| | | | | | |
|---|---|---|---|---|---|
| | | 15.സാഹാത്യ സാംസ്കാരിക ചിത്രഗ്യാലറി | Audit orium | ഫോട്ടോകൾ പുസ്തകങ്ങൾ | P.TA ടീച്ചർന്മാർ ജനപ്രതി നിധി |

കുട്ടിയുടെ കലാസിദ്ധികളെ ഉണർത്തുക

- പ്രസംഗപരിശീലനം-മത്സരങ്ങൾ
- നാടക പരിശീലനം
- അഭിനയ സാധ്യതകൾ ഉണർത്തുന്നതിന് മോണോ ആക്ട്, ഭാവനാഭിനയം etc.
- ചിത്ര രചനാ മത്സരങ്ങൾ
- സ്ക്രിപ്റ്റ് തയ്യാറാക്കൽ, തിരക്കഥ തയ്യാറാക്കൽ
- Short video നിർമാണം..etc.
- കലാരൂപങ്ങൾ കാണാനും അവരുമായി സംവാദിക്കാനും അവസരമൊരുക്കൽ

സാമൂഹ്യപ്രതിബദ്ധതയിൽ കുട്ടിയെ വളർത്തുക

- വൃദ്ധസദനങ്ങൾ, ബാലഭവനങ്ങൾ, ക്യാൻസർ സെന്ററുകൾ etc. എന്നിവ സന്ദർശിക്കാൻ അവസരം - സഹായങ്ങൾ നൽകാൻ കുട്ടികളെ സന്നദ്ധരാക്കൽ
- മാതാപിതാക്കന്മാരെ ആദരിക്കൽ പ്രോഗ്രാമുകൾ സംഘടിപ്പിക്കുക
- Road ശുചിയാക്കൽ
- ആനുകാലിക പ്രശ്നങ്ങളെ പഠിക്കാനും വിലയിരുത്താനുമുള്ള സന്ദർഭങ്ങളൊരുക്കൽ

- സഹജീവികളോട് സ്നേഹവും സഹിഷ്ണുതയുമുള്ള ഒരു തലമുറയെ വാർത്തെടുക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

# MASTER PLAN -ENGLISH (infrastructural)

| Sl.No. | PLANS | OBJECTIVES | Term of achievement | Source of fund |
|---|---|---|---|---|
| 1 | Language Lab | Develops listening skill correct pronunciation and speaking accuracy | Long Term | Govt./Public |
| 2. | Classroom Reference Library | Gets immediate access to reference books | Mid term | Govt./Public |
| 3. | High-tech classrooms | Gets access to audio-visual facilities and learning becomes more interesting | Mid term | Govt./Public |
| 4 | Fully equipped reading room | Develops reading skill | Mid term | Govt./Public |

# MASTER PLAN -ENGLISH(academic)

| SL.NO | ACTIVITIES/PLANS | OBJECTIVES | PERIODICITY | CLASS |
|---|---|---|---|---|
| 1. | News reading in class | Develops reading and listening skills plus awareness of day to day happenings | daily | All classes |
| 2 | Morning assembly in English | Develops reading, listening, compeering and leadership skills | Once in two weeks | English mediu m classes |
| 3 | Speech in class | Develops speaking and listening skills | daily | All classes |
| 4. | English Fest (notice , inauguration,special programmes) | Develops leadership,communicative and interpersonal skills | Once in a year | 8'9'10 |

| | | | | |
|---|---|---|---|---|
| 5 | Movie Clip Quiz (watching a movie of value based on questions) | Develops interpersonal communication ,writing and listening skills | Once in a year | 8,9 |
| 6 | English picnic (field trip with communication strictly in English) | Develops interpersonal communication,speaking and listening skills | Once in a year | 8'9'10 |
| 7 | Help Desk by students for school events (reception,registration directions etc strictly in English) | Develops leadership,communicative and interpersonal skills | Twice in a term | 8'9'10 |
| 8 | Interaction with native English speakers | Develops interpersonal communication,speaking and listening skills | Once in a year | 8'9'10 |
| 9. | Filming a story | Develops leadership,communicative, I T and interpersonal skills | Once in a year | **5,6,7,8,9, 10** |
| 10 | Modules of Navaprapha for 9, Sraddha for 8 | Develops LSRW skills of slow learners | As directed by the Dept. | 8,9 |
| 11. | Skit competition | Develops leadership,communicative and interpersonal skills | Once in a year | 5,6,7,8, 9,10 |
| 12 | Character Interview | Develops speaking and listening skills | Once in a month | 5,6,7,8, 9,10 |

# Master Plan - Hindi

| Sl. No. | Plans | Objectives | Duration | Source of fund |
|---|---|---|---|---|
| 1 | ഹിന്ദി ലാബ് | ശ്രവണത്തിലൂടെ കുട്ടികളുടെ ഹിന്ദി സംസാരിക്കാനുള്ള കഴിവ് മെച്ചപ്പെടുത്തുക | Long time | Govt. / Public |
| 2 | ക്ലാസ് റൂം റഫറൻസ് ലൈബ്രറി | പാഠഭാഗവുമായി ബന്ധപ്പെട്ട് പുസ്തകങ്ങൾ, അധികവായനാ സാമഗ്രികൾ | Mid term | Govt. / Public |
| 3 | സ്മാർട്ട് ക്ലാസ്സ് റൂം | ദൃശ്യ മാധ്യമങ്ങളിലൂടെ പഠനത്തിൽ കൂടുതൽ ആഭിമുഖ്യം | Mid term | Govt. / Public |
| 4 | ലൈബ്രറി നവീകരണം | വായനയിലൂടെ കൂടുതൽ കഴിവ് നേടുക(വായിക്കാനുള്ള കഴിവ്) | Mid term | Govt. / Public |

# Master Plan – Hindi Academic

| Sl.No. | Activities/ Plans | Objective | Periodicity | Class |
|---|---|---|---|---|
| 1 | വാർത്താ വായന | അനുദിന വാർത്താ വായനയിലൂടെ വായിക്കാനും ശ്രവിക്കാനുമുള്ള കഴിവ് നേടുക. | Daily | 8,9,10 |
| 2 | സ്കൂൾ അസംബ്ളി | വായന, പ്രസംഗം, അവതരണം, നേതൃത്വം എന്നിവയിൽ കഴിവ് നേടുക. | Once in a month | 8,9,10 |
| 3 | ഹിന്ദി നാടകോത്സവം (പോസ്റ്റർ, നോട്ടീസ്) | സംഭാഷണം, അവതരണം എന്നിവയിൽ കഴിവു നേടുക. | Once in a year | 8,9,10 |
| 4 | വീഡിയോ ക്ലിപിംഗ് | സംസാരിക്കാനുള്ള കഴിവ് നേടുക. | Once in a year | 5,6,7,8,9, 1 0 |
| 5 | അഭിമുഖം | ഹിന്ദി നാടക അഭിനേതാക്കൾ, ലേഖകർ എന്നിവരുമായുള്ള അഭിമുഖം, ശില്പശാലകൾ | Once in a year | 8,9,10 |

| | | | | |
|---|---|---|---|---|
| | | എന്നിവയിലൂടെ ഭാഷയിലുള്ള കഴിവ് നേടിയെടുക്കുക. | | |
| 6 | ഹിന്ദി സംസാരിക്കുന്ന സ്ഥലത്തേക്ക് പഠനയാത്ര | സംസാരിക്കാനുള്ള കഴിവ് നേടുക. ശ്രവിക്കാനുള്ള കഴിവ് നേടുക. | Once in a year | 8,9,10 |
| 7 | വീഡിയോ കോൺ ഫറൻസ് | ഹിന്ദി സംസാരിക്കുന്ന ആളുകളുമായി വീഡിയോ കോൺഫറൻസിലൂടെ ഭാഷയിൽ കൂടുതൽ അറിവ് നേടുക. | Once in a year | 8,9,10 |
| 8 | സ്കിറ്റ് | ലീഡർഷിപ് ഡവലപ്മെന്റ്, സംഭാഷണം നടത്താനുള്ള കഴിവ് നേടൽ. | Twice in a term | 5,6,7,8,9,10 |
| 9 | സ്ക്രിപ്റ്റ് റൈറ്റിംഗ് | സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ, മികച്ച എഴുത്തുകാരനാക്കൽ. | Twice in a term | 8,9,10 |
| 10 | പ്രസംഗം | ദിനാചരണത്തോടനുബന്ധിച്ച് പ്രസംഗം പറയുവാനുള്ളവസരം | | 5,6,7,8,9,10 |

# Master Plan – Social Science

| Sl. No. | Plans | Objectives | Time of Achieve ment | Source of fund |
|---|---|---|---|---|
| 1 | സോഷ്യൽ സയൻസ് ലാബ് | ഗ്ലോബ്, വിവിധതരം ഭൂപടങ്ങൾ പരിചയപ്പെടൽ, ആൽബം തയ്യാറാക്കൽ | Long Term | Govt. / Public |
| 2 | ക്ലാസ് റൂം റഫറൻസ് ലൈബ്രറി | പാഠഭാഗവുമായി ബന്ധപ്പെട്ട് പുസ്തകങ്ങൾ, അധികവായനാ സാമഗ്രികൾ | Short Term | Govt. / Public |
| 3 | സ്മാർട്ട് ക്ലാസ്സ് റൂം | ICT ഉപയോഗിച്ചുള്ള പഠനപ്രവർത്തനങ്ങൾ | Long Term | Govt. / Public |
| 4 | സ്കൂൾ ലൈബ്രറി നവീകരണം | സാമൂഹ്യശാസ്ത്ര പഠനവിഷയമായി ബന്ധപ്പെട്ട് പുസ്തകങ്ങളുടെ ക്രോഡീകരണം | Short Term | Govt. / Public |

# Master Plan – Social Science Academic

| Sl.No. | Activities/Plans | Objective | Periodicity | Class |
|---|---|---|---|---|
| 1 | പ്രാദേശികവിഭവ ഭൂപട നിർമ്മാണം | ഭൂപട വായനയിലും ഭൂപട നിർമ്മാണത്തിലും വൈദഗ്ധ്യം നേടുന്നതിന്. സ്ഥലങ്ങൾ, രാജ്യങ്ങൾ, വൻകരകൾ എന്നിവയുടെ location മനസ്സിലാക്കുന്നതിനും യഥാവസരം വിശദീകരിക്കുന്നതിനുമുള്ള കഴിവ് ആർജ്ജിക്കുന്നതിന് | Short Term | 8,9,10 |
| 2 | സോഷ്യൽ സയൻസ് ഫെസ്റ്റ് | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ഉല്പന്നങ്ങൾ പ്രദർശിപ്പിക്കൽ<br>• ക്വിസ്സ്, ചുമർ ചിത്രങ്ങൾ<br>• പ്രസംഗം, ബുള്ളറ്റിൻ ബോർഡ്<br>• സ്കിറ്റ്, സർവ്വേ<br>• സെമിനാർ പ്രബന്ധങ്ങൾ<br>• പ്രൊജക്ട് അവതരണം തുടങ്ങിയവയിലൂടെ വിവര ശേഖരണവും ആശയരൂപീകരണവും സാധ്യമാകുന്നു | Long Term | 5,6,7,8,9,10 |

| | | | | |
|---|---|---|---|---|
| 3 | ഡിജിറ്റൽ ആൽബം | ICT തലത്തിൽ പ്രാവീണ്യം നേടുന്നതിനും പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കുട്ടികൾ സ്വയമേ ചെയ്യാൻ പ്രാപ്തരാക്കുന്നു.<br>eg :ഋതുഭേദങ്ങളും സമയവും<br>:ആശയക്കണ്ണുകളും അറിവിന്റെ വിശകലനവും<br>:പാർലമെന്റ് തെരഞ്ഞെടുപ്പ് | ആഴ്ചയിലൊരിക്കൽ | 8,9,10 |
| 4 | ഫീൽഡ്ട്രിപ്പ് | നേരനുഭവം ലഭിക്കുന്നതിനുള്ള പ്രവർത്തനം-മൂല്യങ്ങൾ വളർത്തുവാനും, അനുഭവങ്ങൾ പങ്കിടുവാനുമുള്ള അവസരം ലഭിക്കുന്നതിനൊപ്പം പരിസരബന്ധിതവുമായ പ്രവർത്തനങ്ങളിലേർപ്പെടാൻ സഹായിക്കുന്നു. | Short Term | 5,6,7,8,9,10 |
| 5 | മൂവിക്ലിപ്പ് | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വീഡിയോ ക്ലിപ്പിംഗ്<br>eg. ഇന്ത്യൻ സ്വാതന്ത്ര്യ സമരം ചരിത്ര നായകന്മാർ, വിവിധ വിപ്ലവങ്ങൾ etc.കണ്ടു | Long Term | 5,6,7,8,9,10 |

| | | | | |
|---|---|---|---|---|
| | | മനസ്സിലാക്കുള്ള അവസരം ലഭിക്കുന്നു. | | |
| 6 | അഭിമുഖം | വിവരശേഖരണത്തിനും ആശയരൂപീകരണത്തിനു ം ഫലപ്രദമായ ഈ തന്ത്രം ഉപയോഗപ്പെടുത്തുന്നു. അഭിമുഖ റിപ്പോർട്ട് ഉല്പന്നമായി ലഭിക്കുന്നു. | Short Term | 8,9,10 |
| 7 | സംവാദം | സംവാദത്തിൽ മറ്റുള്ളവർ അവതരിപ്പിക്കുന്ന വാദഗതികളെ യുക്തിപൂർവ്വം ഖണ്ഡിക്കാനുള്ള അവസരം കിട്ടുന്നു.ഹാസ്യകാലം | Short Term | 8,9,10 |
| 8 | സാമൂഹ്യശാസ്ത്ര ലാബ് | നിരീക്ഷണം, വിവരശേഖരണം, വിശകലനം, നിഗമനം രൂപപെടുത്തൽ എന്നിവയിലൂടെ കുട്ടികൾക്ക് ഭൂപടങ്ങൾ, പട്ടികകൾ, ചാർട്ടുകൾ എന്നിവ മാത്രമല്ല ഇന്റർനെറ്റ് സൗകര്യവും വ്യാപകമായി ലഭിക്കുന്നു. | Long Term | 8,9,10 |
| 9 | സാമൂഹ്യശാസ്ത്ര ക്ലബ് | പ്രാദേശികവിഭവങ്ങൾ (മനുഷ്യവിഭവം, പ്രകൃതിവിഭവം, മനുഷ്യനിർമ്മിതവിഭവം) പരമാവധി ഉപയോഗപ്പെടുത്താനുള്ള | Short Term | 5,6,7,8,9,10 |

| | | | | |
|---|---|---|---|---|
| | | അവസരം സാമൂഹ്യശാസ്ത്ര ക്ലബിലൂടെ സാധ്യമാകുന്നു. | | |
| 10 | Special Coaching | സോഷ്യൽ സയൻസിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് രാവിലെയും വൈകുന്നേരവും പ്രത്യേക ക്ലാസ്സുകൾ നൽകുന്നു. | Long Term | 5,6,7,8,9,10 |

<u>പ്രവർത്തന പദ്ധതികൾ</u>

**മേഖല ഭൗതികം**

സുസജ്ജമായ ശാസ്ത്രലാബ്, ശാസ്ത്ര ഗെയിം കിറ്റ്, സ്മാർട്ട് ക്ലാസ്സ് റൂമുകൾ, C-SiS, TESLA മുതലായ ശാസ്ത്ര പഠനകേന്ദ്രങ്ങളിലേക്ക് പഠനയാത്രകൾ

**രസതന്ത്രം**

**മേഖല അക്കാദമികം**

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | ഭൗതിക സാഹചര്യങ്ങൾ |
|---|---|---|---|---|---|
| 1 | കുട്ടികൾക്ക് രസതന്ത്രം രസകരമാക്കുക | 1. ലാബ് പ്രവർത്തനം<br>2. രസതന്ത്രകളികൾ<br>3. ഐ.സി.ടി | ഹ്രസ്വകാലം | 5,6,7, 8,9,10 | സുസജ്ജമായ ലാബ് |
| 2 | രസതന്ത്രത്തിലെ പിന്നാക്കക്കാരെ കണ്ടെത്തുക | ക്ലാസ് പരീക്ഷകൾ | ഹ്രസ്വകാലം | 5,6,7, 8,9,10 | |
| 3 | രസതന്ത്രത്തിലെ പിന്നാക്കക്കാരിൽ പ്രധാന ആശയങ്ങളെങ്കിലും ഉറപ്പിക്കുക | ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ചോദ്യബാങ്ക് ഉണ്ടാക്കൽ | ഹ്രസ്വകാലം | 5,6,7, 8,9,10 | ആക്റ്റിവിറ്റി കോർണർ |

| | | | | | |
|---|---|---|---|---|---|
| 4 | കുട്ടികൾക്ക് താത്പര്യമുള്ള രസതന്ത്രഭാഗങ്ങൾ കണ്ടെത്തുക | സ്റ്റഡി സർക്കിൾ ( ചർച്ച) | ഹ്രസ്വകാലം | 5,6,7, 8,9,10 | ആക്ടിവിറ്റി കോർണർ |
| 5 | ലാബിൽ സ്വയം പരീക്ഷണം ചെയ്യുക | ലഘു പരീക്ഷണങ്ങൾ | ഹ്രസ്വകാലം | 8,9,10 | സയൻസ് ലാബ് |
| 6 | പ്രശ്നനിർദ്ധാരണത്തിനുള്ള കഴിവ് നേടുക | ഗ്രൂപ്പ് പ്രവർത്തനങ്ങൾ വഴി ചെറുതും വലുതുമായ പ്രശ്ന നിർദ്ധാരണങ്ങൾ നടത്തുന്നു | ദീർഘകാലം | 9,10 | |
| 7 | മോൾ സങ്കല്പനം | ചാർട്ടുകൾ, കളികൾ | മദ്ധ്യമകാലം | 10 | |
| 8 | ഓർഗാനിക സംയുക്തങ്ങളുടെ നാമകരണം | ഗെയിം, വർക്ക് ഷീറ്റ് | മദ്ധ്യമകാലം | 9,10 | ആക്ടിവിറ്റി കോർണർ |
| 9 | ഓർഗാനിക സംയുക്തങ്ങളുടെ രാസപ്രവർത്തനങ്ങൾ | ഗെയിം, വർക്ക് ഷീറ്റ് | മദ്ധ്യമകാലം | 9,10 | ആക്ടിവിറ്റി കോർണർ |
| 10 | ഷെല്ലുകൾ സബ്ഷെല്ലുകൾ എന്നിവയെക്കുറിച്ചുള്ള ധാരണ | ആറ്റം മാതൃകനിർമ്മാണം | ഹ്രസ്വകാലം | 8,9,10 | ആക്ടിവിറ്റി കോർണർ |
| 11 | ശാസ്ത്രാഭിമുഖ്യം നേടുക | ശാസ്ത്ര ക്വിസ്, ശാസ്ത്ര ലൈബ്രറി | മദ്ധ്യമകാലം | 5,6,7, 8,9,10 | ആക്ടിവിറ്റി കോർണർ |

**ഊർജ്ജതന്ത്രം**

**മേഖല അക്കാദമികം**

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | ഭൗതിക സാഹചര്യങ്ങൾ |
|---|---|---|---|---|---|
| 1 | ഊർജ്ജതന്ത്രത്തിലെ പിന്നാക്കക്കാരെ കണ്ടെത്തുക | ക്ലാസ് പരീക്ഷകൾ | ഹ്രസ്വകാലം | 8,9,10 | |
| 2 | ഊർജ്ജതന്ത്രത്തിലെ പിന്നാക്കക്കാരിൽ പ്രധാന ആശയങ്ങളെങ്കിലും ഉറപ്പിക്കുക | ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ചോദ്യബാങ്ക് ഉണ്ടാക്കൽ | ഹ്രസ്വകാലം | 8,9,10 | ആക്ടിവിറ്റി കോർണർ |
| 3 | കുട്ടികൾക്ക് താത്പര്യമുള്ള ഊർജ്ജതന്ത്രഭാഗങ്ങൾ കണ്ടെത്തുക | സ്റ്റഡി സർക്കിൾ(ചർച്ച) | ഹ്രസ്വകാലം | 5,6,7,8,9,10 | ആക്ടിവിറ്റി കോർണർ |
| 4 | ലാബിൽ സ്വയം പരീക്ഷണം ചെയ്യുക | ലഘു പരീക്ഷണങ്ങൾ | ഹ്രസ്വകാലം | 8,9,10 | സയൻസ് ലാബ് |
| 5 | പ്രശ്നനിർദ്ധാരണത്തിനുള്ള കഴിവ് നേടുക | ഗ്രൂപ്പ് പ്രവർത്തനങ്ങൾ വഴി ചെറുതും വലുതുമായ പ്രശ്ന നിർദ്ധാരണങ്ങൾ നടത്തുന്നു | ദീർഘകാലം | 9,10 | |

| | | | | | |
|---|---|---|---|---|---|
| 6 | ഇലക്ട്രോണിക്സ് എളുപ്പമാക്കുക | ചാർട്ടുകൾ, കളികൾ, ഇലക്ട്രോണിക്സ് കിറ്റ് | മദ്ധ്യമകാലം | 5,6,7,8,9,10 | |
| 7 | താപം , വിശിഷ്ടതാപധാരിത, ലീനതാപം എന്നിവയെക്കുറിച്ചുള്ള ധാരണ | പരീക്ഷണങ്ങൾ, ഐ.സി.ടി | മദ്ധ്യമകാലം | 7,8,9,10 | ആക്ടിവിറ്റി കോർണർ |
| 8 | വൈദ്യുതകാന്തിക പ്രേരണം, സെൽഫ് ഇൻഡക്ഷൻ, മ്യൂച്വൽ ഇൻഡക്ഷൻ | പഠന യാത്ര, ലാബ് പ്രവർത്തനം | മദ്ധ്യമകാലം | 9,10 | ആക്ടിവിറ്റി കോർണർ |
| 9 | ചലനനിയമങ്ങൾ | ഊഞ്ഞാൽ നിർമ്മാണം,കളികൾ | ഹ്രസ്വകാലം | 7,8,9,10 | ആക്ടിവിറ്റി കോർണർ |
| 10 | ശാസ്ത്രാഭിമുഖ്യം നേടുക | ശാസ്ത്ര ക്വിസ്, ശാസ്ത്ര ലൈബ്രറി | മദ്ധ്യമകാലം | 5,6,7,8,9,10 | ആക്ടിവിറ്റി കോർണർ |

## ജീവശാസ്ത്രം

മേഖല അക്കാദമിക്

ഉപപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | Duration | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകളായ കുട്ടികൾ ജീവശാസ്ത്ര അറിവുകൾ മറ്റ് കുട്ടികളുമായി പങ്കുവയ്ക്കൽ | ബയോളജി-ടാലന്റ് ക്ലബ് | Short term | | |

| | | | | |
|---|---|---|---|---|
| നിരീക്ഷണം, പരീക്ഷണം, വിവരശേഖരണം, വിശകലനം, നിഗമനത്തിലെത്തൽ എന്നീ ശാസ്ത്രസമീപനരീതി പരിചയപ്പെടുത്തുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനുമുള്ള ശേഷി കൈവരിക്കൽ. | ബയോളജി-ലിറ്റിൽ സയൻസ്റ്റ് | Mid term | All classes | |
| വിഷയബന്ധിതമായി കുട്ടിനേടേണ്ട പഠനനേട്ടങ്ങൾ ആർജ്ജിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തൽ | ഇവാല്യവേഷൻ ടൂൾ-ബാങ്ക് രൂപീകരണം | Short term | All classes | |
| വ്യക്തിശുചിത്വം, പരിസരശുചിത്വം, എന്നിവ ജീവിത സംസ്കാരമെന്ന കാഴ്ചപ്പാട് വളർത്തൽ | ശുചിത്വ സേന | Short term | All classes | |
| പരിസ്ഥിതി സൗഹൃദ മനോഭാനം, പരിസ്ഥിതി സംരക്ഷണ അവബോധം എന്നിവ വളർത്തൽ | പരിസ്ഥിതി സൗഹൃദക്ലബ് | Short term | All classes | |
| ആരോഗ്യസംരക്ഷണ മാർഗ്ഗങ്ങൾ രോഗ പ്രതിരോധ മാർഗ്ഗങ്ങൾ ശാരീരിക | ശരീര സുരക്ഷാ പദ്ധതികൾ | Short term | All classes | |

| | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങളെ കുറിച്ചുള്ള അറിവ് | | | | |
| മനുഷ്യൻ പ്രകൃതിയുടെ സംരക്ഷകൻ എന്ന കാഴ്ചപ്പാട് രൂപീകരിക്കൽ, എല്ലാ ജീവികൾക്കും തുല്യ അവകാശം, ജീവന് ഒരേ മൂല്യം എന്ന തിരിച്ചറിവ് | ജൈവവൈവിധ്യ സംരക്ഷണം | Long term | All classes | |
| കാർഷിക വൃത്തിയിലൂടെ സ്വയം പര്യാപ്തത എന്ന ലക്ഷ്യം ഊട്ടിയുറപ്പിക്കൽ | കൃഷി സമൃദ്ധി | Mid term | All classes | |
| ജനിതക ശാസ്ത്ര മേഖലയുടെ സാധ്യതകൾ നൂതന സാങ്കേതിക വിദ്യകൾ, കണ്ടുപിടുത്തങ്ങൾ മുതലായവയെ കുറിച്ച് അറിവ് നേടൽ. | ജനറ്റിക്സ് ഇൻഫർ മേഷൻ കോർ ണർ | Long term | 9,10 | |
| കൗമാര കാലഘട്ടത്തിലെ ശാരീരിക മാറ്റങ്ങൾ, വെല്ലുവിളികൾ, പ്രതിസന്ധികളെ തരണം ചെയ്യൽ എന്നിവയെ കുറിച്ച് ഉള്ള ധാരണ കൈവരിക്കൽ | സുന്ദര കൗമാരം | Short term | 7,8,9,10 | |

മേഖല : ഭൗതികം

ഉപപ്രവർത്തനങ്ങൾ

| OBJECTIVES | PLAN | DURATION | Expected Amount | SOURCE OF FUND |
|---|---|---|---|---|
| For conducting Biological Experiments | Hi Tech Lab | MID | 2 Lakhs | Management &P T A |
| For researches and references | Science Library | Long Term | 1 Lakh | P T A |
| For conservation of plants and animals | Biological Park( Botanical garden & zoological garden) | Long Term | 1 Lakh | Management &P T A |
| To practice modern agricultural methods and Technologies | Integrated farming facilities | Long Term | 50000 | P T A |
| Treatment and first aid during Emergencies | Causality and Health care | Short Term | 10000 | Teachers P T A |
| Effective utilisation of Bio waste | Waste management (Bio-gas plant vermi compost fodder Production) | Short Term | 25000 | Goverment Aid & Management |
| Observation of Biological specimens,collections etc | Biological Museum | Long Term | 20000 | Management ,Teachers&P T A |

## ഗണിതം

## പ്രവർത്തനപദ്ധതിയുടെ വിശകലനം

മേഖല: അക്കാദമിക്

ഉപപ്രവർത്തനങ്ങൾ

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഗണിതത്തിലെ പിന്നോക്കക്കാരെ കണ്ടെത്തുക | Pre test | Short term | | |
| 2 | പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിഗണിക്കുക. | പട്ടികകളും സംഖ്യാബോധവും ഉറപ്പിക്കൽ | Short term | | |
| 3 | ചതുഷ്ക്രിയകൾ എല്ലാകുട്ടികളും വേഗത്തിൽ ചെയ്യാനും ഉത്തരം ശരിയായി കണ്ടെത്താനും ഉപകരിക്കുക | ചതുഷ്ക്രിയകൾ ഉറപ്പുവരുത്തൽ | Short term | | |
| 4 | ഭിന്ന സംഖ്യകൾ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി നേടുക | "ഞങ്ങളും സംഖ്യകളാണേ" ഭിന്നസംഖ്യകൾ - ആശയം, സംഖ്യാബോധം, ക്രിയകൾ എന്നിവ വിനിമയം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ | Short term | | |
| 5 | പ്രശ്നാപഗ്രഥനവും | പ്രശ്നാപഗ്രഥനത്തിന് | Long | | |

| | | | | | |
|---|---|---|---|---|---|
| | പരിഹാരവും വേഗത്തിലാക്കുക. യുക്തിപരമായി ചിന്തിക്കാനുള്ള പരിശീലനം | അവസരമുണ്ടാക്കൽ, പാഠഭഗവുമായി ബന്ധപ്പെട്ട പ്രായോഗിക ഗണിതപ്രശ്നങ്ങൾ ശേഖരിക്കൽ, ചർച്ചചെയ്യൽ | term | | |
| 6 | കോണുകൾ അളക്കൽ വരയ്ക്കൽ എന്നിവ കൃത്യമാക്കൽ | കൃത്യമായ അളവിൽ കോണുകൾ വരയ്ക്കാനും കോണുകളുടെ അളവുകളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുവാനും ഡ്രോയിംഗ് കോർണർ | Short term | | |
| 7 | ജ്യാമതീയ രൂപങ്ങളെക്കുറിച്ചുള്ള ധാരണ | ജ്യാമതീയ രൂപങ്ങളെതിരിച്ചറിയുന്നതിനും പ്രത്യേകതകൾ മനസ്സിലാക്കുന്നതിനുമുള്ള വർക്ക്ഷോപ്പ് | Short term | | |
| 8 | ഘനരൂപങ്ങൾ ,അവയുടെ അളവുകൾ എന്നിവയെക്കുറിച്ചുള്ള ധാരണ | ഘനരൂപങ്ങൾ നിർമ്മിക്കൽ, സ്തംഭങ്ങൾ , സ്തൂപികകൾ എന്നിവയുടെ മാതൃകകൾ ശേഖരിക്കൽ | Long term | | |
| 9 | ഗണിതത്തിൽ താല്പര്യം ജനിപ്പിക്കുക, ഗണിതശാസ്ത്രജ്ഞ | ഗണിതദിനാചരണങ്ങൾ- രാമാനുജൻ ദിനം, ലോകജനസംഖ്യാദി | Long term | | |

| | | | | | |
|---|---|---|---|---|---|
| | ൻമാരെ ക്കറിച്ച് ക്കട്ടതൽ അറിയുക | നം, π ദിനം | | | |
| 10 | ഗണിതക്ലബ്ബ് പ്രവർത്തനങ്ങൾ | ദിനാചരണങ്ങൾക്ക് നേതൃത്വം, മത്സരങ്ങൾ സംഘടിപ്പിക്കൽ | Long term | | |
| 11 | ജിയോജിബ്ര ക്ലബ്ബ് | ഐ സി റ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കവാനം അനയോജ്യമായ പഠനപ്രവർത്തനങ്ങൾ കണ്ടെത്താനം പരിശീലനം | Within 1 Year | | |
| 12 | ക്വിസ്സ് കോർണർ | ഗണിതക്വിസ്സ് മത്സരങ്ങളിൽ പ്രാവീണ്യം നേടുന്നതിനായി ഗണിതത്തിൽ താല്പര്യമുള്ള കട്ടികളെ ഉൾപ്പെടുത്തി സ്കൂൾ തല മത്സരങ്ങൾ സംഘടിപ്പിക്കുക. | Within 1 Year | | |
| 13. | ഗണിതമേളകളിലുള്ള പങ്കാളിത്തം വർദ്ധിപ്പിക്കുക. | ഗണിതമേളകൾക്കുള്ള ഐറ്റങ്ങൾ ഒരുക്കുന്നതിനുള്ള തിരഞ്ഞെടുപ്പും അതിനുള്ള പരിശീലനവും നടക്കുന്ന തരത്തിൽ | Within 1 Year | | |

| | | | | | |
|---|---|---|---|---|---|
| | | കുട്ടികൾക്കിടയിൽ ഗ്രൂപ്പ്പ്രവർത്തനം | | | |
| 14. | ഗണിതലാബ് | സുസജ്ജമായ ഗണിതലാബ് , പഠനപ്രവർ ത്തനങ്ങൾ ക്കനുസരിച്ച് കുട്ടികൾക്ക് സ്വയം ചെയ്തു നോക്കുന്നതിനുള്ള സജ്ജീകരണങ്ങൾ | Long term | | |
| 15 | ഗണിത ലൈബ്രറി | ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾക്ക് പ്രത്യേക കോർണർ. ആനുകാലിക പ്രസിദ്ധീകരണങ്ങൾ (ഗണിതവുമായി ബന്ധപ്പെട്ട്) | Long term | | |
| 16 | പഠനവിനിമയത്തി ൽ ഐ സി റ്റി സാദ്ധ്യതകൾ ഉപയെഗപ്പെടുത്തുക | ഹൈടെക് ക്ലാസ്സ് മുറികൾ, പ്രോജക്ടർ, ഡിജിറ്റൽ ബോർഡ്, ഗണിതസോഫ്റ്റ്വെ യറുകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തുക | Long term | | |
| 17 | ഗണിതത്തിൽ താല്പര്യം വർ ദ്ധിപ്പിക്കുക | ഗണിതപ്രോജക്ടുകൾ ഏറ്റെടുത്തു നടത്തുക. സർവ്വേകൾ, അളക്കലുകൾ ചിത്രകരണങ്ങൾ തുടങ്ങി ഗണിതത്തിൽ | Within 1 Year | | |

| | | | | | |
|---|---|---|---|---|---|
| | | പഠിക്കുന്ന ആശയങ്ങൾ പ്രയോഗത്തിൽ വരുത്തുക | | | |
| 18. | പഠനോപകരണനിർമ്മാണം | പഠനത്തിൽ സഹായകമായ രീതിയിൽ- പിന്നോക്കക്കാർക്ക് ഉപയോഗിക്കത്തക്ക രീതിയിൽ- ആശയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മാണമത്സരം സംഘടിപ്പിക്കുക | Within 1 Year | | |
| 19 | ഗണിതകലാമേളകൾ | ഗണിതവുമായി ബന്ധപ്പെട്ട ആശയങ്ങൾ കലാരൂപത്തിൽ അവതരിപ്പിക്കുക. ഗണിത നാടകങ്ങൾ, സ്കിറ്റുകൾ,കവിതകൾ, ഗണിതമാഗസിനുകൾ തുടങ്ങിയവ തയ്യാറാക്കുക. | Within 1 Year | | |
| 20 | ഫീൽഡ് ട്രിപ്പ് | ഗണിതവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ , സ്ഥലങ്ങൾ , | Within 1 Yea | | |

| | | | | | |
|---|---|---|---|---|---|
| | | മേളകൾ തുടങ്ങിയവ സന്ദർശിക്കക | | | |

# ഇൻഫർമേഷൻ ടെക്നോളജി

ആധുനിക കാലഘട്ടത്തിൽ ഐ റ്റി യുടെ സാദ്ധ്യത എടുത്തു പറയേണ്ട കാര്യമില്ല. വിവരവിനിമയത്തിന് വിവരസാങ്കേതിക ഉപകരണങ്ങൾ കൂടിയേ തീരൂ എന്ന അവസ്ഥയിൽ വേണ്ടത്ര പുരോഗതി നേടുവാൻ സാധിച്ചിട്ടില്ല. എന്നാൽ കംപ്യൂട്ടറിന്റെയും പ്രോജക്ടറുകളുടെയും ഉപയോഗം ക്ലാസ്സുമുറികളിൽ വലിയ മാറ്റത്തിനു വഴി തെളിച്ചിട്ടുണ്ട്. ഡിജിറ്റൽ പാഠപുസ്തകങ്ങളും, വിഷയവുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളും ക്ലാസ്സുമുറികൾ സജീവമാക്കുന്നു. പാഠാസൂത്രണത്തിലും വിനിമയത്തിലും വിലയിരുത്തലിലും ഐറ്റി സാധ്യത പരമാവധി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നു.

## നേട്ടങ്ങൾ

1. കഴിഞ്ഞ 12 വർഷക്കാലമായി കംപ്യൂട്ടറിന്റെ അടിസ്ഥാന ആശയങ്ങളും ഉപയോഗങ്ങളും സ്വായത്തമാക്കാൻ എല്ലാകുട്ടികൾക്കും സാധിച്ചു.

2.ഐ ടി മേളകളിൽ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും സമ്മാനങ്ങൾ കരസ്ഥമാക്കാൻ സാധിച്ചു.

3.കുട്ടിക്കൂട്ടം പ്രവർത്തനത്തിലൂടെ മലയാളം കംപ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്, ഇന്റെർനെറ്റ്, ആനിമേഷൻ തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നല്കുവാൻ സാധിച്ചു.

## കണ്ടെത്തിയ പരിമിതികൾ

1. എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ആശയങ്ങളിൽ ഐറ്റി ഉപയോഗിക്കാൻ കഴിയുന്നില്ല.

2.ഐ. സി റ്റി അധിഷ്ഠിതമായി എല്ലാ പഠനപ്രവർത്തങ്ങളും വിനിമയം ചെയ്യാൻ കഴിയുന്നില്ല.

3.സുസജ്ജമായ ഐറ്റി ലാബിന്റെ അഭാവം.

4. ലാബിലെ ഉപകരണങ്ങൾ തകരാറിലായാൽ പരിഹരിക്കുന്നതിനുള്ള ഭാരിച്ച സാമ്പത്തിക ബാധ്യത.

5.സമയത്തിന്റെ അപര്യാപ്തത.

6.ലൈബ്രറി, അധികവിഭവങ്ങൾ തുടങ്ങിയവ ഉപയോഗിക്കുന്നതിനുള്ള പോരായ്മകൾ

## പരിഹാരബോധനം

1. ഐ റ്റി ലാബുകൾ കാലത്തിനൊത്തു പരിഷ്കരിക്കുക.

2. സാങ്കേതികവിദ്യയിൽ നടക്കുന്ന വേഗത്തിലുള്ള വികസനം ക്ലാസ്സുമുറികളിൽ എത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

3.അദ്ധ്യാപകർക്ക് ക്ലാസ്സ്റൂം വിനിമയത്തിന് ഉപയോഗിക്കത്തക്ക വിധത്തിലുള്ള ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കി നല്കുക.

4.സമഗ്ര പോലെയുള്ള പോർട്ടലുകളിൽ അധ്യാപകരുടെയും വിദഗ്ധരുടെയും സഹകരണം വർദ്ധിപ്പിക്കുക.

5.ഐറ്റി പ്രതിഭാശാലികളായ കുട്ടികളുടെ സേവനങ്ങൾ ക്ലാസ്സുമുറികളിലും പഠനപ്രവർത്തനങ്ങളിലും ഉപയോഗപ്പെടുത്തുക.

6. ഐ റ്റി ഉപകരണങ്ങൾ ശേഖരിക്കുന്നതിലും തകരാറുകൾ പരിഹരിക്കുന്നതിലും ആവശ്യമായ സാമ്പത്തിക ശ്രോതസ്സ് ലഭ്യമാക്കുക.

## പ്രവർത്തനപദ്ധതിയുടെ വിശകലനം

മേഖല: അക്കാദമിക്

ഉപപ്രവർത്തനങ്ങൾ

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ്സ് | ഭൗതികസാഹചര്യങ്ങൾ /ചുമതല |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഐ റ്റി പിന്നോക്കക്കാരെ കണ്ടെത്തുക. | ലാബിലെ പ്രവർ ത്തനങ്ങൾ നിരീക്ഷിക്കുക. | Short term | 5,6,7,8, 9,10 | |
| 2 | പിന്നോക്കം നിൽ ക്കുന്ന കുട്ടികളെ പരിഗണിക്കുക. | കംപ്യൂട്ടറിന്റെ അടിസ്ഥാന ആശയങ്ങൾ ഗ്രൂപ്പ്പ്രവർത്തനം വഴിയോ അധികസമയം കണ്ടെത്തിയോ ഉറപ്പിക്കുക. | Short term | 5,8 | |
| 3 | വിഷയാടിസ്ഥാന ത്തിൽ പഠനവിഭവങ്ങൾ തയ്യാറാക്കുന്നതിനു ള്ള പരിശീലനം | അതാത് വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ളകുട്ടിക ളെ കണ്ടെത്തി ഡിജിറ്റൽ പഠനവിഭവങ്ങൾ തയ്യാറാക്കുന്ന പരിശീലനം നല്കുക | Within i year | 8,9, 10 | SITC, അതാത് വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർ |
| 4 | ഹൈടെക് ക്ലാസ്സുമുറികൾ ശരിയായി കൈകാര്യം ചെയ്യുക. | ഹൈടെക് ക്ലാസ്സുമുറികളിലെ ഉപകരണങ്ങൾ കൃത്യമായി ഉപയെഗിക്കുന്നതിനു ം പരിപാലിക്കുന്നതി നും കുട്ടിക്കൂട്ടം കുട്ടികളുടെ സേവനം ഉപയോഗപ്പെടുത്തുക | Short term | 8,9,10 | SITC |
| 5 | ഐറ്റി ക്ലബ്ബ് | ഐറ്റി യുമായി ബന്ധപ്പെട്ട പ്രവർ | Short term | 5,6,7,8, 9,10 | SITC |

| | | | | | |
|---|---|---|---|---|---|
| | | ത്തനങ്ങൾക്ക് നേതൃത്വം നൽ കുവാൻ ഐറ്റി ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാക്കുക | | | |
| 6 | ജിയോജിബ്ര ക്ലബ്ബ് | ഐ സി റ്റി പ്രവർ ത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അനുയോജ്യമായ പഠനപ്രവർ ത്തനങ്ങൾ കണ്ടെത്താനും പരിശീലനം | Within 1 Year | 8,9,10 | SITC |
| 7 | ക്വിസ്സ് കോർണർ | ഐറ്റികിസ്സ് മത്സരങ്ങളിൽ പ്രാവീണ്യം നേടുന്നതിനായി താല്പര്യമുള്ള കുട്ടികളെ ഉൾ പ്പെടുത്തി സ്കൂൾ തല മത്സരങ്ങൾ സംഘടിപ്പിക്കുക. | Within 1 Year | 5,6,7,8, 9,10 | ഐറ്റി കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ |
| 8 | മൊബൈൽ ആപ് | പഠനഭാഗവുമായി ബന്ധപ്പെട്ട ലളിതമായ മൊബൈൽ ആപ്പുകൾ സ്വന്തമായി നിർ മ്മിക്കുക | Long term | 8,9,10 | Little Kites കുട്ടികൾ, SITC |
| 9 | പാഠാവിനിമയത്തി ൽ ഐ സി റ്റി | ഹൈടെക് ക്ലാസ്സ് മുറികൾ, പ്രോജക്ടർ, | Long term | 5,6,7,8, 9,10 | Management, P T A, |

| | | | | | |
|---|---|---|---|---|---|
| | സാദ്ധ്യതകൾ ഉപയെഗപ്പെടുത്തുക | ഡിജിറ്റൽ ബോർഡ്, വിഷയാടിസ്ഥനത്തിലുള്ള സോഫ്റ്റ്‌വെയറുകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തുക | | | |
| 10 | മലയാളം ,ഹിന്ദി തുടങ്ങിയ ടൈപ്പിംഗ് സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുക | പാഠാസൂത്രണത്തിലും വിവരങ്ങൾ തയ്യാറാക്കുന്നതിലും മലയാളം,ഹിന്ദി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നല്കുക | Within 1 Year | 5,6,7,8, 9,10 | SITC, Little Kites കുട്ടികൾ |
| 11 | Internet ഉപയോഗം | ഇന്റെർനെറ്റിൽ നിന്നും പാഠഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള പരിശീലനം നല്കുക. | Long term | 5,6,7,8, 9,10 | SITC, Little Kites കുട്ടികൾ |
| 12 | സ്കൂൾ വിക്കിയിൽ വേണ്ടരീതിയിൽ മാറ്റങ്ങൾ വരുത്തുക | സ്കൂൾ വിക്കിയിൽ സ്കൂളിലെ പ്രവർത്തനങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുക | Within 1 Year | 8,9,10 | SITC, Little Kites കുട്ടികൾ |
| 13 | സ്കൂൾ വെബ്സൈറ്റ്, ബ്ലോഗ് എന്നിവ ആരംഭിക്കുക. | സ്കൂൾ മികവുകൾ അവതരിപ്പിക്കുന്നതിന് സ്കൂൾ | Within 1 Year | 8,9,10 | SITC, Little Kite കുട്ടികൾ |

| | | | | | |
|---|---|---|---|---|---|
| | | വെബ്സൈറ്റ്, ബ്ലോഗ് എന്നിവ ആരംഭിച്ച് പ്രഗൽ ഭരായ കുട്ടികൾക്ക് ചുമതല നൽകുക | | | |
| 14 | സമഗ്ര പോർട്ടൽ | സമഗ്ര പോർട്ടൽ കൈകാര്യം ചെയ്യുന്നതിനും പഠനവിഭവങ്ങൾ ശേഖരിക്കുന്നതിനും കുട്ടികളെക്കൂടി ഉൾ പ്പെടുത്തുക | Within 1 Year | 8,9,10 | SITC, മറ്റ് അദ്ധ്യാപകർ, Little Kites കുട്ടികൾ |
| 15 | സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ | കുട്ടികളുടെ മുഴുവൻ വിവരങ്ങളും സ്കൂളിനെ സംബന്ധിക്കുന്ന വിവരങ്ങളും അധ്യാപകരുടെ വിവരങ്ങളുമടങ്ങിയ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ രൂപപ്പെടുത്തുക. | Long term | 5,6,7,8, 9,10 | സ്കൂൾ മനേജ്മെന്റ്, പി റ്റി എ |
| 16. | മികവ് അവതരണം | സ്കൂളിന്റെ വിവിധപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിന് മൾട്ടിമീഡിയ പ്രസന്റേഷൻ സാധ്യതകൾ ഉപയോഗപ്പെടുത്തുക | Short term | 5,6,7,8, 9,10 | SITC, Little Kites കുട്ടികൾ |
| 17 | Face book പേജ്, ഇ-പത്രം, ഡിജിറ്റൽ റീഡിംഗ് | കുട്ടികളുടെ മികവാർന്ന പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതി | Within 1 Year | 8,9,10 | SITC, Little Kites കുട്ടികൾ |

| | | | | | |
|---|---|---|---|---|---|
| | | ന് Face book പേജ്, ഇ-പത്രം, തുടങ്ങിയവ ആരംഭിക്കുക. | | | |

## കായിക വിദ്യാഭ്യാസം

ജീവിത ശൈലി രോഗങ്ങൾ എല്ലാവരെയും പിടിമുറുക്കുന്ന ഈ കാലത്ത് മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് ശാസ്ത്രീയമായ കായിക പരിശീലനം ഒഴിവാക്കാൻ പറ്റാത്തതാണ്. വിദ്യാഭ്യാസ കാലഘട്ടം കഴിഞ്ഞും നമ്മുടെ ശീലമാക്കി നിർത്താൻ കളികളും മറ്റു കായിക വ്യായാമങ്ങളും പരിചയപ്പെടുന്നതിനും പരിശീലിക്കുന്നതിനുമുള്ള അവസരം സ്കൂളിൽ നിന്ന് ലഭിക്കേണ്ടതാണ്. അതുവഴി വരും തലമുറയ്ക്ക് ആരോഗ്യ പൂർണ്ണമായ ജീവിതം നിലനിർത്താൻ സാധിക്കും.

നേട്ടങ്ങൾ

- കഴിഞ്ഞ 5 വർഷമായി സബ് ജില്ലാ ഷട്ടിൽ ബാഡ്മിന്റൺ മത്സരത്തിൽ ഓവറോൾ.
- ജില്ലാ തലത്തിൽ ക്രിക്കറ്റ് ടീമിൽ ഇടം.
- 'PAIKKA' ഫുട്ബോൾ ജില്ലാ തലത്തിൽ വിജയം.
- അത്‌ലറ്റിക്സിൽ സബ് ജില്ലാ വിജയങ്ങൾ.

പരിമിതികൾ

- കായിക പരിശീലനം വെറും കളിയാണെന്ന മനോഭാവം
- ചെറിയ സ്കൂൾ ആയതിനാൽ കായികാദ്ധ്യാപകന്റെ അഭാവം
- അനുയോജ്യമായ സ്കൂൾ ഗ്രൗണ്ടിന്റെ അഭാവം.
- ശാസ്ത്രീയമായ കായിക പരിശീലനത്തോട് കുട്ടികൾക്കുള്ള താല്പര്യമില്ലായ്മ.
- മികച്ച പരിശീലനത്തിനും ഉപകരണങ്ങൾക്കും വേണ്ടി വരുന്ന സാമ്പത്തിക ശ്രോതസ്സ് കണ്ടെത്താൻ സാധിക്കാത്തത്.

പദ്ധതികൾ

| നമ്പർ | പദ്ധതി | സഹായക ഏജൻസി | ക്ലാസ്സ് | പഠനപ്രവർത്തനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | യോഗ പരിശീലനം | ജില്ലാ പഞ്ചായത്ത്, ഏബിൾ കോട്ടയം | 8,9 | ആഴ്ചയിൽ ഒരു ദിവസം 1 മണിക്കൂർ വർഷം മുഴുവൻ ഏബിൾ കോട്ടയം പദ്ധതി വഴിയായി യോഗാ പരിശീലനം കിട്ടിയ അദ്ധ്യാപകൻ ആഴ്ചയിൽ ഒരു ദിവസം രാവിലെ 8.30 മുതൽ 9.30 വരെ 40-50 വരെ കുട്ടികൾക്ക്, കൈപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന വിധത്തിൽ യോഗാ പരിശീലനം നൽകുന്നു. <u>നേട്ടങ്ങൾ</u> ഏകാഗ്രത, ഓർമ്മ, ശാരീരിക ക്ഷമത എന്നിവ കൈവരിക്കുന്നു. |
| 2 | വേനൽ അവധിക്കാല കായിക പരിശീലന ക്യാമ്പ് | ലോക്കൽ പഞ്ചായത്ത് | 8,9,10 | പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളിൽ കായിക പരിശീലന താല്പര്യം ഉള്ള കുട്ടികൾക്ക് ഒരു സ്കൂൾ കേന്ദ്രമാക്കിക്കൊണ്ട്, ആ പഞ്ചായത്തിലെ കായിക അദ്ധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം നൽകുക. <u>നേട്ടങ്ങൾ</u> കുട്ടികൾക്ക് സ്വന്തം സ്കൂളിലെ കുട്ടികളേക്കാൾ മികച്ച കുട്ടികളുമായി മത്സരിക്കാൻ അവസരം |

| | | | | |
|---|---|---|---|---|
| | | | | നൽകുന്നു. സ്വന്തം കായിക നൈപുണ്യം ഏത് വിഭാഗത്തിലാണെന്ന് തിരിച്ചറിയുന്നു. |
| 3 | 'PAIKKA' മത്സരങ്ങളിലെ പങ്കാളിത്തം | കേന്ദ്ര കായിക ക്ഷേമ മന്ത്രാലയം | 8,9,10 | ബ്ലോക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ കുട്ടികൾക്ക് അത്‌ലറ്റിക്സ്, ഗെയിംസ് ഇനങ്ങളിൽ മത്സരിക്കാൻ അവസരവും, സാമ്പത്തിക സഹായവും ലഭ്യമാക്കുന്നു. |
| 4 | കരാട്ടേ പരിശീലനം | PTA | 5,6,7, 8,9,10 | ഒരു വർഷം നീളുന്ന പരിപാടി. ഒരു മാസത്തിൽ 1 മണിക്കൂർ വീതമുള്ള നാല് ക്ലാസ്സുകൾ, പുറത്തു നിന്നുള്ള അദ്ധ്യാപകരുടെ നേതൃത്വത്തിൽ കരാട്ടേ പരിശീലനം.<br>നേട്ടങ്ങൾ<br>അച്ചടക്കം, ശാരീരിക ക്ഷമത, Self defence മുതലായവ സ്വായത്തമാക്കുന്നു. |
| 5 | വാർഷിക കായിക മത്സരങ്ങൾ | PTA | 5,6,7, 8,9,10 | കുട്ടികൾ നാല് ഹൗസുകളായി തിരിഞ്ഞ്, അത്‌ലറ്റിക്സ്, ഗെയിംസ്, മത്സരങ്ങൾ സ്കൂൾ തലത്തിൽ സംഘടപ്പിക്കുന്നു.<br>നേട്ടങ്ങൾ<br>കായിക അഭിരുചി |

| | | | | |
|---|---|---|---|---|
| | | | | തിരിച്ചറിയാനും അതിൽ വേണ്ട വിധം പരിശീലനം നേടുന്നതിനും സഹായിക്കുന്നു. |
| 6 | കായിക പരിശീലനം | PTA | 5,6,7, 8,9,10 | എല്ലാദിവസവും വൈകുന്നേരം ഒരു മണിക്കൂർ ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ, ബാഡ്മിന്റൻ, ക്രിക്കറ്റ്, അത്‌ലറ്റിക്സ് ഇനങ്ങളിൽ പരിശീലനം നൽകുന്നു. |
| 7 | കായിക ക്വിസ്സ് | അദ്ധ്യാപകർ | 5,6,7, 8,9,10 | ഒളിംപിക്സ്, ഏഷ്യാഡ്, ലോക കപ്പ് മുതലായ മത്സരങ്ങൾ നടക്കുന്ന സമയങ്ങളിൽ ആ മേഖലയുമായിട്ടുള്ള പ്രത്യേക ക്വിസ്സ് മത്സരങ്ങൾ. <u>നേട്ടങ്ങൾ</u> ലോകത്തിലെ കായിക താരങ്ങളെയും, മത്സരങ്ങളെയും, നടത്തുന്ന സ്ഥലങ്ങളെയും ഏജൻസികളെയും, ലോക കായിക സംസ്കാരത്തെയും അറിയുന്നു. |
| 8 | ഇന്ത്യൻ, ലോക കായിക താരങ്ങളെ പരിചയപ്പെടുത്തൽ | സ്കൂൾ | 5,6,7, 8,9,10 | സ്കൂൾ അസംബ്ലിയിൽ, ലോക, ഇന്ത്യൻ കായികതാരങ്ങളെയും, അവരുടെ നേട്ടങ്ങളേയും |

| | | | | |
|---|---|---|---|---|
| | | | | പരിചയപ്പെടുത്തുന്നു.<br>നേട്ടങ്ങൾ<br>കായിക താരങ്ങളെ അറിയുന്നതിനും അവരിൽ നിന്ന് പ്രചോദനം ഉൾ ക്കൊള്ളുന്നതിനുമുള്ള അവസരം. |
| 9 | മത്സര പ്രദർ ശനം | സ്കൂൾ | 5,6,7, 8,9,10 | ഒഴിവുള്ള പീരിയഡുകളിൽ, ലോകനിലവാരമുള്ള മത്സരങ്ങളുടെയും, പരിശീലനരീതികളുടെയും, വീഡിയോ കുട്ടികളെ കാണിക്കുന്നു.<br>നേട്ടങ്ങൾ<br>ലോകനിലവാരമുള്ള കായിക പ്രകടനം കാണുന്നതിനുമുള്ള അവസരം. |

## ജൈവവൈവിധ്യ പാർക്ക്

ഉദ്ദേശ്യങ്ങൾ

1. കൃഷിയും പരിസ്ഥിതിയും പരസ്പര പൂരകമാണെന്ന് തിരിച്ചറിവിലേക്ക് കുട്ടികളെത്തുക
2. കൃഷിയോട് ആഭിമുഖ്യം വളർത്തുക
3. സ്വയം പര്യാപ്തതയിലേക്ക് വളരുക
4. അധ്വാന ശീലം കൈവരിക്കുക
5. പരിസ്ഥിതി സംരക്ഷിക്കുക
6. കുട്ടികൾക്ക് മാനസിക ഉല്ലാസത്തിന് ഇരിപ്പിടം

നേട്ടങ്ങൾ

- 2017-18 വർഷത്തിൽ സ്കൂൾ കോമ്പൗണ്ടിലുള്ള 20 സെന്റ് സ്ഥലത്ത് ജൈവവൈവിധ്യ പാർക്കിന് തുടക്കമിട്ടു.

- കിഴങ്ങ് വർഗ്ഗങ്ങളായ കപ്പ, കാച്ചിൽ, ചേമ്പ്, കൂർക്ക തുടങ്ങിയവ നട്ടുപിടിപ്പിച്ചു.
- വള്ളിപ്പയർ, കുറ്റിപ്പയർ, വെണ്ട, വഴുതന, തക്കാളി, ചീനി തുടങ്ങിയ പച്ചക്കറികൾ നട്ടു.
- വാഴ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ ഉല്പാദിപ്പിച്ചു.
- ഉച്ച ഭക്ഷണത്തിന് വിഷരഹിതമായ പച്ചക്കറികൾ ഉപയോഗപ്പെടുത്തി.
- പ്ലാവ്, പേര്, റമ്പൂട്ടാൻ, പാഷൻ ഫ്രൂട്ട്, സപ്പോട്ട തുടങ്ങിയ മരങ്ങൾ ജൈവവൈവിധ്യപാർക്കിന്റെ ഭാഗമായി.
- ഔഷധസസ്യതോട്ടം
  - എരുക്ക്
  - കറ്റാർവാഴ
  - ആവണക്ക്
  - മുറികൂട്ടി
  - അമൃത്
  - നറുനീണ്ടി
  - കയ്യോന്നി
  - ആര്യവേപ്പ് തുടങ്ങിയ നാൽപ്പതോളം ഔഷധ സസ്യങ്ങൾ

## പരിമിതികൾ

- നല്ല കൃഷി സ്ഥലം ഇല്ലാത്ത അവസ്ഥ
- സർക്കാർ ഏജൻസികളിൽ നിന്നുള്ള സഹായം ലഭ്യമല്ലാത്ത അവസ്ഥ
- സമയ പരിമിതി
- സാമ്പത്തികം ലഭ്യമല്ലായ്ക
- മറ്റുള്ളവരുടെ താല്പര്യമില്ലാത്ത മനോഭാവം
- സുസ്ഥിരമായി കൃഷി നിലനിർത്തുന്നതിനുള്ള ബുദ്ധിമുട്ട്
- അവധിക്കാല പരിചരണം ലഭ്യമാക്കാൻ സാധിക്കാതെ വരുന്നു.

## വിഭാവനം ചെയ്യുന്ന പദ്ധതികൾ

| നമ്പർ | പദ്ധതി | സഹായക ഏജൻസി | കാലാവധി | പ്രവർത്തനം | നേട്ടങ്ങൾ |
|---|---|---|---|---|---|
| 1. | ശലഭോദ്യാനം | PTA Teacher in | ദീർഘകാലം | വിവിധയിനം ശലഭങ്ങളെ ആകർഷിക്കുന്ന തരം ചെടികൾ | വ്യത്യസ്തതരം പൂച്ചെടികൾ നട്ടുപിടിപ്പിക്കുന്നതിലൂടെ |

| | | | | | |
|---|---|---|---|---|---|
| | | charge of Social Science | | വച്ചുപിടിപ്പിക്കുന്നു. നിരന്തരമായ പരിപാലനം നടത്തുന്നു. ശലഭങ്ങളുടെ പ്രജനനതത്തിന് ആവശ്യമായ അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നു | ഉദ്യാനത്തിലേക്ക് വിവിധയിനം ശലഭങ്ങളെ ആകർ ഷിക്കാനും അതുവഴി പരാഗണത്തിനും ഹേതുവാകുന്നു. ഉദ്യാനം മനോഹരമാകുന്നു. |
| 2. | ജൈവ വൈവിധ ്യ പാർ ക്ക് | ലോക്ക ൽ പഞ്ചായ ത്ത് കൃഷി ഓഫീ സ് PTA | ഹ്രസ്വ കാലം | മഴക്കാലകൃഷി ആരംഭിക്കുന്നു. കൃഷിസ്ഥലങ്ങളിലും ഗ്രോബാഗിലുമായി തൈകൾ നടുന്നു. നിരന്തരമായ പരിപാലനം. ജൈവവളങ്ങളും ജൈവകീടനാശികളും ഉപയോഗിക്കുന്നു. രാവിലെയും വൈകുന്നേരവും കൃഷി പരിപാലനം നടത്തുന്നു. | പച്ചക്കറി പരിപാലനം വിഷരഹിതമായ പച്ചക്കറികളുടെ ഉല്പാദനം കൃഷിയോട് ഇണങ്ങിച്ചേർന്ന ജീവിതം പരിസ്ഥിതി സൗഹാർദ്ദം |
| 3. | ഔഷധ സസ്യപാ ർക്ക് | അദ്ധ്യാ പകർ കൃഷി ഓഫീ സ് പാരമ്പര ്യ വൈദ്യ ന്മാർ PTA | ദീർ ഘകാല ം | നാട്ടിൻപുറങ്ങളിൽ നിന്നും പാടശേഖരങ്ങളിൽ നിന്നും ഔഷധസസ്യങ്ങൾ ശേഖരിക്കുന്നു. വിവിധ ഔഷധസസ്യങ്ങളുടെ ക്രോഡീകരിക്കുന്നു. തൈകൾ നടുന്നു. | ഔഷധസസ്യങ്ങളുടെ പേരും ശാസ്ത്രീയ നാമവും പരിചയപ്പെടുന്നു. വിവിധയിനം ഔഷധസസ്യങ്ങളും അവയുടെ ഗുണങ്ങളും മനസ്സിലാക്കുന്നു. ആയുർവേദ ഔഷധസസ്യങ്ങളുടെ ഉപയോഗത്തിലൂടെ |

| | | | | | |
|---|---|---|---|---|---|
| | | | | ഔഷധ സസ്യങ്ങളുടെ ശാസ്ത്രീയ നാമം ലേബലിൽ കൊടുക്കുന്നു. ഓരോ ഔഷധസസ്യങ്ങളുടെയും ഗുണഗണങ്ങൾ തിരിച്ചറിയുന്നു. | ആരോഗ്യം നിലനിർത്തുന്നു. നാട്ടറിവുകൾ വർധിക്കുന്നു. |
| 4 | വനവൽക്കരണം | PTA ഗവൺമെന്റ് കൃഷി ഓഫീസ് | ദീർഘകാലം | വൃക്ഷത്തൈകൾ നടുന്നു. വൃക്ഷത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുന്നു. | മരങ്ങളും ഫലവൃക്ഷങ്ങളും വള്ളിച്ചെടികളും നിറഞ്ഞ സ്കൂൾ കോമ്പൗണ്ട് പ്രകൃതി രമണീയമാകുന്നു. മരങ്ങൾ കാലാവസ്ഥയെ ഗണ്യമായി സ്വാധീനിക്കുന്നു. മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാകുന്നു. വൃക്ഷങ്ങൾ നശിപ്പിക്കാതിരിക്കാനുള്ള പ്രചോദനം ലഭിക്കുന്നു. ഗവൺമെന്റിന്റെ വന പരിപാലനത്തിൽ പങ്കുചേരുന്നു. |

## സ്കൂൾ ലൈബ്രറി

ഉദ്ദേശ്യങ്ങൾ

- ലൈബ്രറി ശാക്തീകരണം
- ലൈബ്രറി ക്രമീകരിച്ച് ആകർഷകമാക്കുക.

- ഡിജിറ്റലൈസേഷൻ നടത്തുക.
- ഓരോ വിഷയത്തിന്റെയും അധികവായനയ്ക്ക് ലൈബ്രറി ഉപയോഗപ്പെടുത്തുക

നിലവിലെ അവസ്ഥ

- ലൈബ്രറിയിൽ ആകെ 1850 പുസ്തകങ്ങൾ
- സാഹിത്യം, ഗണിതം ,സയൻസ് തുടങ്ങിയ വിഭാഗങ്ങളിലുള്ള തരംതിരിച്ചിരിക്കുന്നു.
- ഓരോ ദിവസവും ഓരോ ക്ലാസിന് എന്ന രീതിയിൽ പുസ്തകവിതരണം
- ഇഷ്ടമുള്ള പുസ്തകം കുട്ടിക്ക് തിരഞ്ഞെടുക്കാവുന്ന രീതി
- ലൈബ്രറി ക്വിസ്, വായനോത്സവം, പുസ്തകാസ്വാദനക്കുറിപ്പ് തയ്യാറാക്കൽ തുടങ്ങിയ മത്സരങ്ങൾ

പരിമിതികൾ

I. ക്ലാസ്സ് ലൈബ്രറി സംവിധാനത്തിന്റെ അഭാവം
II. സ്റ്റാഫ് റൂമിൽ റഫറൻസ് ഗ്രന്ഥങ്ങളുടെ അഭാവം
III. എല്ലാ കുട്ടികൾക്കും വായനയോടു താല്പര്യം ഉണ്ടാകുന്നില്ല
IV. ഇംഗ്ലീഷ്, ഹിന്ദി പുസ്തകങ്ങളോട് താല്പര്യക്കുറവ്

പദ്ധതികൾ

| നമ്പർ | പദ്ധതി | പ്രവർത്തനം | കാലയളവ് | സഹായക ഏജൻസി |
|---|---|---|---|---|
| 1 | ക്ലാസ്സ് ലൈബ്രറി സംവിധാനം | ഓരോ ക്ലാസ്സിലും ആവശ്യമായ റഫറൻസ്/വായന പുസ്തകങ്ങൾ ലഭ്യമാക്കുക. | ദീർഘകാലം | ക്ലാസ്സ് പി റ്റി എ, അദ്ധ്യാപകർ, അഭ്യുദയകാംക്ഷികൾ |
| 2 | സ്റ്റാഫ് റൂമിൽ റഫറൻസ് ഗ്രന്ഥശേഖരം | ഓരോ അധ്യാപകർക്കും ആവശ്യമായ റഫറൻസ് പുസ്തകങ്ങൾ സ്റ്റാഫ് റൂമിൽ ലഭ്യമാക്കുക | ദീർഘകാലം | പി റ്റി എ, അദ്ധ്യാപകർ ്,അഭ്യുദയകാംക്ഷികൾ |
| 3 | ഒരു കുട്ടിക്ക് ഒരു പുസ്തകം പദ്ധതി | എല്ലാ കുട്ടികളും പുസ്തകം വായിക്കുന്നുണ്ട് എന്നുറപ്പുവരുത്തുക. | ഹ്രസ്വകാലം | അദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| | | വായനക്കുറിപ്പുകൾ തയ്യാറാക്കുന്നു എന്നുറപ്പാക്കുന്നു. | | |
| 4 | ബാഗ് ലൈബ്രറി | കുട്ടിയുടെ ബാഗിൽ എപ്പോഴും ഒരു വായനാപുസ്തകം ഉണ്ടായിരിക്കുക. | ഹ്രസ്വകാലം | അദ്ധ്യാപകർ |
| 5 | ചുവർ അലങ്കരിക്കൽ | പ്രശസ്ത സാഹിത്യകാരൻ മാരുടെ ഫോട്ടോ കലകളുടെചിത്രങ്ങൾ വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന മഹത്‌വചനങ്ങൾ എന്നിവ കൊണ്ട് ചുവരുകൾ അലങ്കരിക്കുക. | ദീർഘകാലം | അദ്ധ്യാപക ര ് ,കുട്ടിലൈബ്ര റേറിയൻമാർ |
| 6 | പിറന്നാളിനൊരു പുസ്തകം പദ്ധതി | അദ്ധ്യാപകരും കുട്ടികളും അവരവരുടെ പിറന്നാളിന് സ്കൂൾ ലൈബ്രറിക്ക് ഒരു പുസ്തകം നല്കുക. | ദീർഘകാലം | അദ്ധ്യാപക ർ,കുട്ടികൾ, രക്ഷിതാക്കൾ |
| 7 | ബുള്ളറ്റിൻ ബോർഡ് | ക്ലാസ്സടിസ്ഥാനത്തിൽ ബുള്ളറ്റിൻ ബോർഡുകൾ സ്ഥാപിക്കുക. | ദീർഘകാലം | അദ്ധ്യാപക ർ,കുട്ടികൾ, രക്ഷിതാക്കൾ |
| 8 | ഡിജിറ്റൽ ലൈബ്രറി | ലൈബ്രറി കമ്പ്യൂട്ടർ വത്ക്കരിക്കുക. അനുയോജ്യമായ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഉപയോഗപ്രദമാക്കുക. | ദീർഘകാലം | അദ്ധ്യാപക ർ,കുട്ടികൾ, പി റ്റി എ |
| 9 | ബ്ലോഗ് പ്രവർത്തനം | സ്കൂൾ ബ്ലോഗിൽ കുട്ടികളുടെ സർഗ്ഗാത്മക രചനകൾ പ്രകാശനം ചെയ്യുക. | ഹ്രസ്വകാലം | അദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| 10 | ക്ലാസ്സ് പത്രം, ഇ - പത്രം, സ്കൂൾ പത്രം | ആഴ്ചയിലൊരിക്കൽ ഒരു ക്ലാസ്സിൽ നിന്ന് ഒരു പത്രം തയ്യാറാക്കുക. ഒരു ടേമിൽ ഒരു സ്കൂൾ പത്രം എന്ന രീതിയിൽ തയ്യാറാക്കി പ്രകാശനം ചെയ്യുന്നു. ഇ പത്രം തയ്യാറാക്കി ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നു. | ദീർഘകാലം | അദ്ധ്യാപക ര ് ,കുട്ടിലൈബ്രേറിയൻമാർ |
| 11 | 15 വർഷം 10000 പുസ്തകങ്ങൾ | 15 വർഷം കൊണ്ട് അധ്യാപകർ, കുട്ടികൾ രക്ഷിതാക്കൾ, സഹൃദയർ, പൂർവ്വവിദ്യാർത്ഥികൾ തുടങ്ങിയവരിൽനിന്നുള്ള സഹായത്തോടെ പുസ്തകം ശേഖരിക്കുന്നു. | ദീർഘകാലം | അദ്ധ്യാപകർ,കുട്ടികൾ, പി റ്റി എ, സഹൃദയർ, പൂർവ്വവിദ്യാർത്ഥികൾ |